കേരളകൗമുദി
13 ഒക്ടോബർ 2017 വെള്ളി
തിരുവനന്തപുരം
www.keralakaumudi.com www.facebook.com/keralakaumudi

കേരള ജനതയ്ക്ക് ജീവനുള്ള കാലത്തോളം ബി.ജെ.പിയുടെ മോഹം നടക്കില്ല: കോടിയേരി

തിരുവനന്തപുരം: എൽ.ഡി.എഫിനെ പുറത്താക്കി കേരളത്തിൽ ബി.ജെ.പി ഭരണം കൊണ്ടുവരാമെന്ന മോഹം കേരള ജനതയ്ക്ക് ജീവനുള്ള കാലത്തോളം നടപ്പില്ലെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. വേണ്ടിവന്നാൽ വിമോചന സമരം നടത്തുമെന്ന് അഭിപ്രായപ്പെട്ട് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ തനിക്കയച്ച തുറന്ന കത്തിന് മറുപടി നൽകുകയായിരുന്നു കോടിയേരി. വിശ്വാസം നാൾക്കുനാൾ വർദ്ധിപ്പിച്ച് എൽ.ഡി.എഫ് സർക്കാർ കരുത്തോടെ മുന്നോട്ടു പോകുകയാണ്. പിണറായി സർക്കാർ ഇന്ത്യയ്ക്ക് പുതിയ ദിശാബോധം നൽകുന്ന രാഷ്ട്രീയ ശക്തിയാണെന്നും കോടിയേരി പറഞ്ഞു.

നിയമസഭാ സമ്മേളനം ജനുവരിയിൽ; സോളാർ റിപ്പോർട്ട് വയ്ക്കും

തിരുവനന്തപുരം: സോളാർ കേസ് അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ കമ്മിഷൻ റിപ്പോർട്ട് ജനവരിയിൽ തുടങ്ങുന്ന നിയമസഭയുടെ ബഡ്ജറ്റ് സമ്മേളനത്തിൽ വയ്ക്കുമെന്നാണ് അറിയുന്നത്. ജുഡിഷ്യൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച് ആറ് മാസത്തിനകം സർക്കാർ സ്വീകരിച്ച നടപടികൾ സഹിതം സഭയിൽ സമർപ്പിക്കണമെന്നാണ് ചട്ടം. സഭയിൽ റിപ്പോർട്ട് പരസ്യമാവുന്നതോടെ രാഷ്ട്രീയകൊടുങ്കാറ്റ് വീണ്ടും ഉയരുമെന്നുറപ്പാണ്.

സോളാർ കമ്മിഷന്റെ ചെലവ് ഒന്നരക്കോടിയിൽ താഴെ

വർക്കല: സോളാർ കമ്മിഷന് സിറ്റിംഗിനും മറ്റുമായി ചെലവായത് ഒന്നരക്കോടിയിൽ താഴെ രൂപ. 2013ൽ കമ്മിഷനെ നിയോഗിച്ചപ്പോൾ 2.11 കോടിരൂപയാണ് സർക്കാർ അനുവദിച്ചത്. എന്നാൽ ഇതിൽ 1.34 കോടിരൂപ മാത്രമാണ് കമ്മിഷൻ ചെലവഴിച്ചത്. ഈ വർഷം സെപ്തംബറിൽ കമ്മിഷൻ അക്കൗണ്ട് ക്ലോസ് ചെയ്തു. വർക്കലയിലെ അഭിഭാഷകനായ ബി.കെ. ഗുരുപ്രസാദാണ് വിവരാവകാശ നിയമ പ്രകാരം ഈ വിവരം കണ്ടെത്തിയത്.

കെ.എ.എസ്: സെക്രട്ടേറിയറ്റ് ഭാഗികമായി സ്തംഭിച്ചു

തിരുവനന്തപുരം: കെ.എ.എസിനെതിരെ ആക്ഷൻ കൗൺസിൽ നടത്തിയ പണിമുടക്കിൽ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം ഇന്നലെ ഭാഗികമായി തടസപ്പെട്ടു. 21.3 ശതമാനം ജീവനക്കാർ മാത്രമാണ് ജോലിക്കെത്തിയതെന്നും ഭരണകക്ഷിയിൽപ്പെട്ടവരും ജോലിയിൽ നിന്ന് വിട്ടു നിന്നുവെന്നും ആക്ഷൻ കൗൺസിൽ അവകാശപ്പെട്ടു. തങ്ങളുടെ പ്രൊമോഷൻ അട്ടിമറിച്ചതിനെതിരെയുള്ള പ്രതിഷേധമായി പണിമുടക്ക് മാറുകയായിരുന്നു. ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ജീവനക്കാർ പ്രകടനവും നടത്തി. വൈ.എം.സി.എ ക്ക് മുന്നിൽ നിന്ന് തുടങ്ങിയ പ്രകടനം സെക്രട്ടേറിയറ്റ് സമരഗേറ്റിന് മുന്നിൽ സമാപിച്ചു.

കെ.എ.എസ് രൂപീകരണത്തെപ്പറ്റി സർക്കാർ പുനർചിന്തനം നടത്തണമെന്ന് ആക്ഷൻ കൗൺസിൽ കൺവീനർ ജെ. ബെൻസി ആവശ്യപ്പെട്ടു. ഇന്നുമുതൽ ഉച്ചവരെ ജീവനക്കാർ പേന എടുക്കാതെ അർദ്ധ സമരം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. സെക്രട്ടേറിയറ്റ് അസോസിയേഷൻ പ്രസിഡന്റ് വി.എൻ. രാധാകൃഷ്ണൻ, ജനറൽ സെക്രട്ടറി ശ്രീകുമാർ, പ്രദീപ്കുമാർ, ഗോപകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

പണിമുടക്കിയത് 10 ശതമാനമെന്ന് ഭരണപക്ഷം

തിരുവനന്തപുരം: ചർച്ചകൾക്കുള്ള സാദ്ധ്യതയുണ്ടെന്ന് സർക്കാർ വ്യക്തമാക്കിയ സാഹചര്യത്തിൽ കെ.എ.എസിനെതിരെ ആക്ഷൻ കൗൺസിൽ നടത്തുന്ന സമരത്തെ അനുകൂലിക്കില്ലെന്ന് സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എസ്. ബിജുക്കുട്ടൻ പറഞ്ഞു. കെ.എ.എസ് സംബന്ധിച്ച ആശങ്കകൾ വേണ്ടവിധത്തിൽ പരിഹരിക്കപ്പെട്ടിട്ടില്ല.

തുടർന്നുള്ള ചർച്ചകളിൽ പരിഹാരം കാണാൻ കഴിയും. 10 ശതമാനത്തിൽ താഴെ ജീവനക്കാർ മാത്രമാണ് പണിമുടക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടി.പി വധക്കേസ്: ഒത്തുതീർപ്പ് ആരോപണം ശരിയല്ലെന്ന് തിരുവഞ്ചൂർ

കോട്ടയം: ടി.പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണത്തിൽ സി.പി.എമ്മുമായി ഒത്തുതീർപ്പുണ്ടാക്കിയെന്ന ആരോപണം ശരിയല്ലെന്ന് മുൻ ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. വി.ടി. ബൽറാമിന്റെ ഫേസ്ബുക്ക് പോസ്റ്റിനെക്കുറിച്ച് മാദ്ധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു തിരുവഞ്ചൂർ. ടി.പി വധക്കേസിൽ ഗൂഢാലോചന നടത്തിയവരെല്ലാം പിടിയിലായിട്ടുണ്ട്. അന്വേഷണം പൂർണമായില്ലെന്ന് പറയുന്നത് ശരിയല്ല. സത്യസന്ധമായാണ് കേസ് യു.ഡിഎഫ് സർക്കാർ കൈകാര്യം ചെയ്തത്.

സോളാർ കേസിൽ സംസ്ഥാന സർക്കാർ ആസൂത്രിത നീക്കമാണ് നടത്തുന്നത്. മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ സഹായിച്ചെന്നാണ് എനിക്കെതിരായ കേസ്. എല്ലാ മന്ത്രിമാരും മുഖ്യമന്ത്രിയോട് കൂറ് പുലർത്തും. അതിന് കേസെടുക്കുന്നത് ആദ്യമാണെന്നും തിരുവഞ്ചൂർ പറഞ്ഞു.

ഗണേശിനെയും പ്രതി ചേർക്കണമെന്ന് ബിജു രാധാകൃഷ്ണൻ

പെരിന്തൽമണ്ണ: സോളാർ കേസിൽ കെ.ബി. ഗണേശ് കുമാർ എം.എൽ.എയെ കൂടി പ്രതി ചേർക്കണമെന്നും ഗണേശിനെതിരായ തെളിവുകൾ കൈമാറാമെന്നും കേസിലെ ഒന്നാം പ്രതി ബിജു രാധാകൃഷ്ണൻ അറിയിച്ചു.

പെരിന്തൽമണ്ണ കോടതിയിൽ സോളാറുമായി ബന്ധപ്പെട്ട കേസിൽ ബിജുവിന് വേണ്ടി ഹാജരായ അഡ്വ. നിഷ കെ. പീറ്ററാണ് ബിജു മാദ്ധ്യമങ്ങളെ അറിയിക്കാൻ തന്നെ ഏൽപ്പിച്ച കാര്യങ്ങൾ പറഞ്ഞത്.

സോളാർ റിപ്പോർട്ടിനായി മുഖ്യമന്ത്രിക്ക് ഉമ്മൻചാണ്ടിയുടെ കത്ത്

സഭയുടെ അവകാശം ഹനിച്ചെന്ന് പ്രതിപക്ഷം; ഇല്ലെന്ന് ഭരണപക്ഷം

സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: കോൺഗ്രസ് നേതൃനിരയെ പ്രതിരോധത്തിലാക്കി മുഖ്യമന്ത്രി നടത്തിയ 'സോളാർ സ്ഫോടന'ത്തിന് പിന്നാലെ ജുഡിഷ്യൽ കമ്മിഷൻ റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട് പുറത്തുവിട്ടതിനെ ചോദ്യം ചെയ്ത് പ്രതിപക്ഷം ബദൽപ്രതിരോധത്തിന് നീക്കം തുടങ്ങി.

ജുഡിഷ്യൽ കമ്മിഷൻ റിപ്പോർട്ടിന്മേൽ കൈക്കൊണ്ട നടപടിനിർദ്ദേശങ്ങൾ നിയമസഭയിൽ വയ്ക്കുംമുമ്പ് വാർത്താസമ്മേളനത്തിലൂടെ പുറത്തുവിട്ടത് സഭയുടെ അവകാശലംഘനമാണെന്ന് ചൂണ്ടിക്കാട്ടി യു.ഡി.എഫ് നിയമസഭാ കക്ഷി സെക്രട്ടറി കെ.സി. ജോസഫ് സ്പീക്കർ പി. ശ്രീരാമകൃഷ്ണന് കത്ത് നൽകി. തൊട്ടുപിന്നാലെ, പുറത്തുവിട്ട റിപ്പോർട്ടിന്റെ പകർപ്പ് വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയനെ ഉമ്മൻചാണ്ടിയും സമീപിച്ചു. വിവരാവകാശ നിയമപ്രകാരം 30 ദിവസത്തിനകം ലഭ്യമാക്കിയില്ലെങ്കിൽ നിയമനടപടിയിലേക്ക് നീങ്ങാനാണ് തീരുമാനം.

എന്നാൽ, മന്ത്രിസഭ അംഗീകരിച്ച തീരുമാനങ്ങൾ മാത്രമാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി വാർത്താസമ്മേളനത്തിലൂടെ വെളിപ്പെടുത്തിയതെന്നും അതല്ലാതെ കമ്മിഷൻ റിപ്പോർട്ട് അപ്പാടെ നിയമസഭയിൽ വയ്ക്കുന്നതിന് മുമ്പ് പുറത്ത് വിടാനാവില്ലെന്നുമാണ് സർക്കാർ വാദം. മുഖ്യമന്ത്രി വെളിപ്പെടുത്തിയ മന്ത്രിസഭാ തീരുമാനങ്ങൾ ഔദ്യോഗികവെബ്സൈറ്റിൽ തന്നെ ലഭ്യമാക്കുമെന്നും മന്ത്രിസഭ അംഗീകരിച്ചതോടെ അത് പൊതുരേഖയായി എന്നുമാണ് മുഖ്യമന്ത്രിയുടെ ഓഫീസ് പറയുന്നത്. ഇക്കാര്യത്തിൽ നിയമവിരുദ്ധമായി ഒന്നുമില്ലെന്നും അവർ പറയുന്നു.

സംസ്ഥാനത്തിന്റെ ചരിത്രത്തിൽ നിരവധി ജുഡിഷ്യൽ കമ്മിഷനുകൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിലൊന്നിൽ പോലും റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിന് മുമ്പ് പുറത്തുവിട്ടിട്ടില്ലെന്നാണ് പ്രതിപക്ഷ നേതാക്കൾ ചൂണ്ടിക്കാട്ടുന്നത്. മാറാട് കമ്മിഷൻ റിപ്പോർട്ട് ആറ് മാസത്തിനുള്ളിൽ നടപടിറിപ്പോർട്ട് സഹിതം സഭയിൽ വയ്ക്കാനാവാത്ത സാഹചര്യം വന്നപ്പോൾ, കമ്മിഷൻ റിപ്പോർട്ടിന്റെ ഭാഗങ്ങൾ പുറത്തുവിടാൻ അന്നത്തെ സർക്കാർ നിർബന്ധിതമായിട്ടുണ്ട്. അപ്പോഴും നടപടിറിപ്പോർട്ട് പുറത്തു കൈമാറിയില്ല. 2006ലെ വിവരാവകാശ നിയമം നിലവിൽ വന്നതോടെ സർക്കാർ അംഗീകരിച്ച ഏത് രേഖയും ആവശ്യപ്പെട്ടാൽ പുറത്ത് നൽകേണ്ടി വരുമെന്നതിനാൽ, കഴിഞ്ഞ ദിവസത്തെ സംഭവത്തോടെ സോളാർ കമ്മിഷൻ റിപ്പോർട്ടിന്റെ പകർപ്പ് കൈമാറിയേ മതിയാവൂ എന്നാണ് പ്രതിപക്ഷ നിലപാട്.

സോളാർ വിഷയത്തിൽ സഭയ്ക്കകത്ത് നടന്ന ചർച്ചകൾ കൂടി ഉൾപ്പെട്ടതാണ് ജുഡിഷ്യൽ കമ്മിഷന്റെ ടേംസ് ഒഫ് റഫറൻസ് എന്നതിനാൽ കമ്മിഷൻ റിപ്പോർട്ട് അതിന്റെ നടപടി റിപ്പോർട്ട് സഹിതം സഭയിൽ വയ്ക്കും മുമ്പ് പുറത്തുവിട്ടത് ഒട്ടും ശരിയായ നടപടിയല്ലെന്ന് പ്രതിപക്ഷം വാദിക്കുന്നു. റിപ്പോർട്ട് സഭയിൽ വച്ച ശേഷം ബന്ധപ്പെട്ട വകുപ്പ് മന്ത്രിക്ക് കൂട്ടുതലെന്തെങ്കിലും വിശദീകരിക്കാനുണ്ടെങ്കിൽ ചട്ടം 300 പ്രകാരം സ്പീക്കർക്ക് നോട്ടീസ് നൽകി പ്രസ്താവന നടത്തണം. ഇതെല്ലാമുണ്ടായിട്ടും വേങ്ങര ഉപതിരഞ്ഞെടുപ്പ് ദിവസം എല്ലാ കീഴ്‌വഴക്കങ്ങളും ലംഘിച്ച് നടപടി റിപ്പോർട്ട് പുറത്തുവിട്ടതിനെയാണ് ചോദ്യം ചെയ്യുന്നതെന്ന് പ്രതിപക്ഷ നേതാക്കൾ പറയുന്നു.

എലിപ്പത്തായത്തിൽ വീണ കോൺഗ്രസ് നേതൃത്വം

ശ്രീകുമാർ പള്ളീലേത്ത്



തിരുവനന്തപുരം: ഉരുൾപൊട്ടൽ പോലെ പതിച്ച സോളാർ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടിയിൽ നിന്ന് കരകയറാനുള്ള തിരക്കിട്ട നീക്കം കോൺഗ്രസ് നേതൃത്വം തുടങ്ങി. പ്രധാനികളടക്കം ഒരു ഡസനോളം നേതാക്കളാണ് വിജിലൻസ്-ക്രിമിനൽ കേസുകളുടെ കുരുക്കിൽപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും നേതാക്കൾ ഒരേസമയം കേസിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നത്.

എലിപ്പത്തായത്തിൽ വീണ എലിയുടെ അവസ്ഥയിലാണ് കോൺഗ്രസ് നേതൃത്വം. കാര്യങ്ങൾ എങ്ങനെ നീങ്ങുമെന്ന് ഒരു വ്യക്തതയുമില്ല. ഒരേ സമയം ഭാരിച്ച രണ്ട് ദൗത്യമാണ് പാർട്ടിക്കും യു.ഡി.എഫിനും ഏറ്റെടുക്കേണ്ടിവരിക. ഒന്ന് വിജിലൻസ്-ക്രിമിനൽ കേസുകളെ നിയമപരമായി പ്രതിരോധിക്കുക. രണ്ട് രാഷ്ട്രീയമായ പ്രതിരോധം തീർക്കുക. റിപ്പോർട്ടിന്റെ പൂർണരൂപം ഇനിയും പ്രതിപക്ഷത്തിന് കിട്ടിയിട്ടില്ല. അതു ലഭിച്ചെങ്കിൽ മാത്രമേ കമ്മിഷന്റെ നിഗമനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാവൂ. റിപ്പോർട്ടും അതിന്മേലുള്ള നടപടികളും നിയമസഭയിൽ വയ്ക്കുംമുമ്പ് വെളിപ്പെടുത്തിയതിന്റെ പേരിൽ പ്രതിപക്ഷം സ്പീക്കർക്ക് അവകാശലംഘനത്തിന് കത്ത് നൽകിയിട്ടുണ്ട്. വിവരാവകാശ നിയമം വഴി റിപ്പോർട്ടിന്റെ പകർപ്പ് എടുക്കുകയാണ് മറ്റൊരു വഴി. റിപ്പോർട്ട് കിട്ടിയാൽ നിയമപരമായ പഴുതുകൾ കണ്ടെത്തി പ്രതിരോധമൊരുക്കാം. ക്രിമിനൽ കേസിൽ നടപടികൾ വേഗത്തിലാക്കാനാണ് സർക്കാർ നീക്കം.

സംഘടനാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോൺഗ്രസിലെ ഗ്രൂപ്പുകൾ സടകുടഞ്ഞെഴുന്നേറ്റ സന്ദർഭത്തിലാണ് സോളാർ റിപ്പോർട്ടിന്റെ വരവ്. രണ്ടു ഗ്രൂപ്പിലെയും നേതാക്കൾ കേസിൽപ്പെടുമെന്നായതോടെ ഗ്രൂപ്പ് മാറ്റിവച്ച് രാഷ്ട്രീയ പ്രതിരോധം തീർക്കാനാണ് നേതാക്കൾക്കിടയിലെ ധാരണ. എങ്കിലും പുര കത്തുമ്പോൾ വാഴവെട്ടും പോലെ ചില ഒറ്റപ്പെട്ട ശബ്ദങ്ങൾ ഇതിനകം ഉയർന്നത് പാർട്ടിക്കുള്ളിൽ അല്പം അങ്കലാപ്പുമുണ്ടാക്കിയിട്ടുണ്ട്. വേങ്ങരയിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കിട്ടിയതിനെക്കാൾ കൂടുതൽ ഭൂരിപക്ഷത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥി ജയിച്ചാൽ, ഇപ്പോൾ യു.ഡി.എഫിന് കിട്ടാവുന്ന വലിയ പിടിവള്ളിയാവും അത്. മറിച്ച് സംഭവിച്ചാൽ അത് സോളാർ റിപ്പോർട്ട് പുറത്തുവിട്ട നടപടിയിൽ ചാരുകയുമാവാം. പക്ഷേ അപ്പോഴും രാഷ്ട്രീയ അരക്ഷിതാവസ്ഥയ്ക്ക് മാറ്റം വന്നേക്കില്ല.

രാഷ്ട്രീയ മുഖം മിനുക്കൽ ലക്ഷ്യമിട്ട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നയിക്കുന്ന രാഷ്ട്രീയ പ്രചാരണ യാത്ര 'പടയൊരുക്കം' നവംബർ ഒന്നിനാണ് മഞ്ചേശ്വരത്തു നിന്ന് തുടങ്ങേണ്ടത്. എന്നാൽ പൂവ് ചോദിച്ചപ്പോൾ പൂക്കാലം കിട്ടിയ അവസ്ഥയിലാണ് ഇടതു പക്ഷം. ചില മന്ത്രിമാരുമായി ബന്ധപ്പെട്ടുള്ള ആക്ഷേപങ്ങളും സ്വാശ്രയ പ്രശ്നം പോലുള്ള സാമൂഹ്യ വിഷയങ്ങളും സർക്കാരിനെ വീർപ്പുമുട്ടിച്ച് തുടങ്ങിയ അവസരത്തിലാണ് പ്രതിപക്ഷത്തിനെ അടിക്കാൻ നല്ലൊരു ചൂരൽ വീണുകിട്ടിയത്.

നേതാക്കൾ ഡൽഹിക്ക്

കോൺഗ്രസ് ഹൈക്കമാൻഡ് ആവശ്യപ്പെട്ടതനുസരിച്ച് കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ, ഉമ്മൻചാണ്ടി, വി.എം. സുധീരൻ, വി.ഡി. സതീശൻ എന്നിവർ ഇന്ന് ഡൽഹിക്ക് പോകും. ഉച്ചയ്ക്കാണ് രാഹുൽഗാന്ധിയുമായി കൂടിക്കാഴ്ച നിശ്ചയിച്ചിട്ടുള്ളത്. കെ.പി.സി.സി അംഗങ്ങളുടെ ലിസ്റ്റ് സംബന്ധിച്ച വിഷയം ചർച്ചചെയ്യാൻ ഇന്നലെ രമേശ് ചെന്നിത്തല ഡൽഹിയിൽ എത്തിയിട്ടുണ്ട്. എ.കെ. ആന്റണിയുമായി അദ്ദേഹം രാഷ്ട്രീയ സ്ഥിതികൾ ചർച്ചചെയ്തു. നേതാക്കളുമായി രാഹുൽഗാന്ധി നടത്തുന്ന ചർച്ചകൾക്ക് ശേഷമാവും ഭാവിനടപടികളിൽ വ്യക്തത വരിക.

കെ.പി.സി.സി ലിസ്റ്റ് ഇന്ന് ഹൈക്കമാൻഡിന്

അന്തിമ പട്ടികയിലും അഴിച്ചുപണിക്ക് സാദ്ധ്യത

■282 പേരിൽ 105 പുതുമുഖങ്ങൾ, വനിതകൾ 14 ■മുതിർന്ന നേതാക്കൾക്ക് അതൃപ്തി

തിരുവനന്തപുരം: കെ.പി.സി.സിയിലേക്കുള്ള 282 അംഗങ്ങളുടെ അന്തിമലിസ്റ്റ് പ്രസിഡന്റ് എം.എം. ഹസൻ ഇന്ന് ഹൈക്കമാൻഡിന് സമർപ്പിക്കും.

ഗ്രൂപ്പ് അടിസ്ഥാനത്തിലാവില്ല അംഗങ്ങളെ നിശ്ചയിക്കുകയെന്ന് പറഞ്ഞിരുന്നെങ്കിലും തങ്ങൾക്ക് താത്പര്യമുള്ളവരെ ഉൾപ്പെടുത്തിയുള്ള എ ഗ്രൂപ്പിന്റെ ലിസ്റ്റ് ഉമ്മൻചാണ്ടിയും ഐ വിഭാഗത്തിന്റേത് രമേശ് ചെന്നിത്തലയും പ്രത്യേകം സമർപ്പിക്കും. അന്തിമലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണ് അത്.

എന്നാൽ പട്ടികയിൽ തങ്ങൾ നിർദ്ദേശിച്ചവരെ ഉൾപ്പെടുത്താത്തതിലുള്ള അസംതൃപ്തി എം.പിമാരടക്കം ചില മുതിർന്ന നേതാക്കൾ പ്രകടിപ്പിച്ചിട്ടുണ്ട്. നേരത്തേ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന ആക്ഷേപവും ചിലർ ഉയർത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ പട്ടികയിൽ മാറ്റം വന്നാൽ തങ്ങളുടെ ഉറ്റവർ പുറത്താകാതിരിക്കാനാണ് ഇരുവരും പ്രത്യേകം ലിസ്റ്റുകൂടി നൽകുന്നത്.

സംഘടനാ പ്രവർത്തനങ്ങളിൽ സജീവമല്ലാത്തവരെയും പ്രായാധിക്യമുള്ളവരെയും ഒഴിവാക്കി യുവത്വത്തിന് പ്രാമുഖ്യം നൽകിയുള്ള ലിസ്റ്റ് വരുമെന്നാണ് നേതാക്കൾ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ തയ്യാറായ 25 പേജിലുള്ള പട്ടികയിൽ 45 വയസിൽ താഴെയുള്ളവരുടെ എണ്ണം 10 മാത്രം. വനിതകൾക്ക് 30 ശതമാനം സംവരണം പട്ടികയിലുണ്ടാവുമെന്ന് പറഞ്ഞിരുന്നെങ്കിലും ഉൾപ്പെട്ടത് 14 പേർ മാത്രം. എസ്.സി/ എസ്.ടി വിഭാഗത്തിന് മതിയായ പ്രാതിനിധ്യം കിട്ടിയില്ലെന്നും ആക്ഷേപമുണ്ട്. 105 പേർ പുതുമുഖങ്ങളാണ്.

ഉണ്ണിത്താൻ പുറത്ത്, കഹാർ അകത്ത്

ഉണ്ണിത്താൻ

കഹാർ

വക്കം പുരുഷോത്തമൻ, രാജ്മോഹൻ ഉണ്ണിത്താൻ, വിതുര ശശി, തലേക്കുന്നിൽ ബഷീർ, വി.എസ്. ഹരീന്ദ്രനാഥ്, മണക്കാട് സുരേഷ്, ബി.എസ്. ബാലചന്ദ്രൻ തുടങ്ങിയവർ ഒഴിവാക്കപ്പെട്ടു. വർക്കല കഹാർ, എൻ. ശക്തൻ, ശങ്കരനാരായണൻ, എം.എം. ജേക്കബ് തുടങ്ങിയവരെ ഉൾപ്പെടുത്തി. ജില്ലകൾ മാറ്റിയും ചിലരെ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലക്കാരനായ ജി.വി. ഹരിയെ കാസർകോട്ടും കൊല്ലം ജില്ലക്കാരനായ എം.എം. നസീറിനെ പാലക്കാട്ടും ജില്ലയുടെ പേരിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പരാതിക്കാരിൽ കൊടിക്കുന്നിലും സുധീരനും

തങ്ങൾ നിർദ്ദേശിച്ചവരെ അവഗണിച്ചെന്ന ആക്ഷേപവുമായി രംഗത്തു വന്നിട്ടുള്ളവരിൽ എം.പിമാരായ കൊടിക്കുന്നിൽ സുരേഷ്, എം.ഐ. ഷാനവാസ്, കെ.വി. തോമസ് എന്നിവരും മുൻ കെ.പി.സി.സി പ്രസിഡന്റ് വി.എം. സുധീരനും ഉൾപ്പെടും. ഇന്ന് ഡൽഹിയിൽ രാഹുൽഗാന്ധിയുമായി നേതാക്കൾ ചർച്ചനടത്തിയശേഷമാവും അന്തിമ തീരുമാനമെടുക്കുക. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലും ഡൽഹിയിലുണ്ട്.

സർക്കാർ ഫാർമസികളിലും പകൽക്കൊള്ള ഒരേ മരുന്നിന് പലയിടത്ത് പല വില!

എം.ജി. പ്രതീഷ്

> സർക്കാർ ഫാർമസികളിൽ വിതരണം ചെയ്യുന്ന ഒരേ മരുന്നിന് വ്യത്യസ്ത വില ഈടാക്കാറില്ല. അത്തരം പരാതി കിട്ടിയാൽ പരിശോധിച്ച് നടപടി സ്വീകരിക്കും. ജീവൻരക്ഷാ മരുന്നുകൾ കെ.എസ്.ഡി.പി വഴി കൂടുതലായി ഉത്പാദിപ്പിച്ച് വിതരണം സാദ്ധ്യമാക്കും.
>
> മന്ത്രി കെ.കെ. ശൈലജ

Kaumudy
നേർക്കണ്ണിന്റെ സംപ്രേഷണം ഇന്ന് രാത്രി 9ന്

തിരുവനന്തപുരം: ഗവ. മെഡിക്കൽ കോളേജ് കാമ്പസിൽ സർക്കാർ അധീനതയിൽ പ്രവർത്തിക്കുന്ന വിവിധ ഫാർമസികളിൽ ഒരേ മരുന്നിന് ഈടാക്കുന്നത് വ്യത്യസ്ത നിരക്ക്. ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ വിതരണത്തിലാണ് ഈ പകൽക്കൊള്ള. കൗമുദി ടിവി സംപ്രേഷണം ചെയ്യുന്ന അന്വേഷണാത്മക പരിപാടിയായ നേർക്കണ്ണ് നടത്തിയ അന്വേഷണത്തിലാണ് സർക്കാർ ഫാർമസികളിലെ ചൂഷണം പുറത്തുവന്നത്.

വന്ധ്യതാ ചികിത്സ സ്വീകരിച്ച സ്ത്രീകൾക്ക് 9 മാസം വരെ എടുക്കുന്ന കുത്തിവയ്പാണ് എനോക്സീപാരിൻ. ദിവസം രണ്ടുനേരം വീതം ഉപയോഗിക്കേണ്ട ഈ മരുന്ന് ഒരാൾക്കു മാത്രം വേണ്ടി വരിക 500 എണ്ണം ആണ്. എസ്.എ.ടി ആശുപത്രിക്കു മുന്നിൽ പ്രവർത്തിക്കുന്ന ഇൻഹൗസ് ഡ്രഗ് ബാങ്കിൽ ഇതിനു 135 രൂപ. ഇതേ മരുന്ന് കാരുണ്യയിൽ നിന്ന് വാങ്ങിയാൽ നൽകേണ്ടത് 296 രൂപയും. അതായത്, രണ്ടു ഫാർമസികളിൽ ഒരേ മരുന്നിന്റെ വില വ്യത്യാസം 161 രൂപ! ആശുപത്രികളിൽ ഉപയോഗിക്കുന്ന ഗ്ലൗസിന്റെ വില്പനയിലുമുണ്ട് ക്രമക്കേടുകൾ. ഒരിടത്ത് 10 രൂപ നൽകിയാൽ ഒരു ജോടി ഗ്ലൗസ് കിട്ടുമെങ്കിൽ മറ്റൊരിടത്ത് ഇതിനായി നൽകേണ്ടത് ഇരട്ടിയിലധികം രൂപയാണ്.

മെഡിക്കൽ കോളേജ് കോമ്പൗണ്ടിനുള്ളിൽ 50 മീറ്റർ ചുറ്റളവിൽ സർക്കാർ അധീനതയിൽ പ്രവർത്തിക്കുന്ന ഫാർമസികളിലെ അവസ്ഥ ഇതാണെങ്കിൽ സ്വകാര്യ മെഡിക്കൽ സ്റ്റോറുകളുടെ കാര്യം പറയേണ്ടതില്ല. വില വ്യത്യാസത്തിനു പുറമെ മിക്ക ഫാർമസികളിലും ജീവൻരക്ഷാ മരുന്നുകൾ പോലും സ്റ്റോക്ക് ഇല്ലെന്നും നേർക്കണ്ണിന്റെ അന്വേഷണത്തിൽ വ്യക്തമായി. മരുന്നു വിതരണത്തിൽ നടക്കുന്ന ചൂഷണം തടയാൻ സർക്കാർ ഫാർമസികളിലെങ്കിലും വില ഏകീകരണം നടപ്പിലാക്കണമെന്നാണ് ആരോഗ്യ വിദഗ്ദ്ധരുടെ അഭിപ്രായം

കൈക്കൂലി ചോദിച്ച വില്ലേജ് ഓഫീസർക്ക് പണികൊടുത്ത കഥയുമായി മുഖ്യമന്ത്രി

ഒരിക്കലും കൈക്കൂലി നൽകരുതെന്ന് ഉപദേശം

തിരുവനന്തപുരം: കൈക്കൂലി ചോദിച്ച വില്ലേജ് ഓഫീസർക്ക് ഭൂമി പാട്ടത്തിന് വാഗ്ദാനം ചെയ്ത് പണികൊടുത്ത കഥ പറഞ്ഞ് മുഖ്യമന്ത്രി ചിരി വിതറി. കാഴ്ച ദിനത്തിന്റെ ഭാഗമായി പ്രോജക്ട് വിഷന്റെ ആഭിമുഖ്യത്തിൽ ബ്ലൈൻഡ് വാക്കത്തൺ സമാപനം ഉദ്ഘാടനം ചെയ്യുമ്പോഴാണ് മുഖ്യമന്ത്രി പഠനകാലത്തെ ഓർമ്മ പങ്കുവച്ചത്.

ഒരു സർട്ടിഫിക്കറ്റ് കിട്ടാൻ തനിക്ക് ഓഫീസർക്ക് കൈക്കൂലി കൊടുക്കേണ്ടി വന്നെന്ന, പ്രോജക്ട് വിഷൻ ഭാരവാഹി ഫാ. ജോർജ് കണ്ണന്താനത്തിന്റെ പരാമർശമാണ് മുഖ്യമന്ത്രിയുടെ നർമ്മകഥയ്ക്ക് വഴിയൊരുക്കിയത്.

ഒരിക്കലും കൈക്കൂലി നൽകരുതെന്നും കൈക്കൂലി തരാൻ പറ്റില്ലെന്ന് മറുപടി പറയാൻ നമുക്ക് കഴിയണമെന്നും പറഞ്ഞുകൊണ്ടാണ് മുഖ്യമന്ത്രി പഠനകാലത്തെ അനുഭവം കുട്ടികളോട് പങ്കിട്ടത്. പഠനകാലത്ത് വരുമാന സർട്ടിഫിക്കറ്റിനായാണ് വില്ലേജ് ഓഫീസറെ സമീപിച്ചത്.

സർട്ടിഫിക്കറ്റിന് പ്രതിഫലമായി ഓഫീസർ കൈക്കൂലി ആവശ്യപ്പെട്ടു. ഭൂമി പാട്ടത്തിന് തരാം അതിലെ വരുമാനം ഓഫീസർ എടുത്തുകൊള്ളൂ എന്ന തന്റെ മറുപടി കേട്ട് പരുങ്ങലിലായ ഓഫീസർ മടിയില്ലാതെ സർട്ടിഫിക്കറ്റ് നൽകിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഒരു ശതമാനം തെറ്റ് ചെയ്തെന്ന് തെളിയിച്ചാൽ പൊതുപ്രവർത്തനം വിടും: ഉമ്മൻചാണ്ടി

ഓച്ചിറ/തിരുവനന്തപുരം: സോളാർ കേസിൽ തനിക്ക് രാജിവയ്ക്കാൻ കോടിയേരിയുടെ തിട്ടൂരം ആവശ്യമില്ലെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ഒരു ശതമാനം തെറ്റ് ചെയ്തെന്ന് തെളിയിച്ചാൽ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്നും കടത്തൂർ ബൂത്ത് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഇന്ദിരാഗാന്ധി ജന്മശതാബ്ദി കുടുംബസംഗമം ഉദ്ഘാടനം ചെയ്യവേ അദ്ദേഹം പറഞ്ഞു.

കമ്മിഷൻ എൻക്വയറി ആക്ടിലെ ടേംസ് ഒഫ് റഫറൻസിലെ കണ്ടെത്തലുകൾ രഹസ്യമാക്കി വച്ച് യു.ഡി.എഫിനെ തകർക്കാനാണ് നീക്കം. ഇത് പിണറായിക്ക് തന്നെ വിനയാകും. സമാധാനപരമായി ജനങ്ങളെ അണി നിരത്തി യു.ഡി.എഫ് ഇതിനെ നേരിടും. സംസാരിക്കാനും കേൾക്കാനും കഴിയാത്ത 800 കുട്ടികൾക്ക് 5 ലക്ഷം രൂപാ വീതം നൽകി ഓപ്പറേഷൻ നടത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നപ്പോൾ ആ പദ്ധതി പോലും നിറുത്തി മനുഷ്യത്വമില്ലാത്ത നിലപാടാണ് എൽ.ഡി.എഫ് സർക്കാർ സ്വീകരിച്ചത്. 15 മാസത്തിനിടെ 17 കൊലപാതകങ്ങൾ നടത്തി സി.പി.എമ്മും ബി.ജെ.പിയും മത്സരിക്കുകയാണെന്നും ഉമ്മൻ ചാണ്ടി പറഞ്ഞു.

സത്യത്തിൽ നിന്ന് വ്യതിചലിച്ചിട്ടില്ല

സോളാർ കമ്മിഷൻ റിപ്പോർട്ട് പൂർണരൂപത്തിൽ കിട്ടാത്തതിനാൽ ഇപ്പോൾ പ്രതികരിക്കുന്നില്ലെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഫേസ്ബുക്ക് പോസ്റ്റിൽ വ്യക്തമാക്കി.

റിപ്പോർട്ടിന്റെ കോപ്പി കിട്ടാൻ വിവരാവകാശ നിയമ പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ലഭിച്ചാലുടൻ നിയമ നടപടികൾ സ്വീകരിക്കും.

പോസ്റ്റിന്റെ പ്രസക്തഭാഗങ്ങൾ: സോളാർ കമ്മിഷൻ റിപ്പോർട്ട് സംബന്ധിച്ച തീരുമാനങ്ങൾ മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പ്രസിദ്ധീകരിച്ചത് കണ്ടു.

നിഗമനങ്ങളിൽ പരാമർശിക്കാത്ത കാര്യങ്ങളെപ്പറ്റി പോലുമുള്ള നിയമോപദേശങ്ങളും മുഖ്യമന്ത്രി പത്രക്കുറിപ്പിലൂടെ നൽകി. റിപ്പോർട്ട് ലഭിച്ചാൽ ശുപാർശകളോ പ്രസക്തഭാഗങ്ങളോ മാദ്ധ്യമങ്ങൾക്കു നൽകാൻ ബാദ്ധ്യസ്ഥനായ മുഖ്യമന്ത്രി 15 ദിവസം കഴിഞ്ഞിട്ടും അതിന് തയ്യാറായിട്ടില്ല.

ഹർത്താൽ ജനജീവിതം തടസപ്പെടുത്താതെ: ചെന്നിത്തല

ന്യൂഡൽഹി: ഒക്ടോബർ 16ന് യു.ഡി.എഫ് ആഹ്വാനം ചെയ്ത ഹർത്താൽ സമാധാനപരമായിരിക്കുമെന്നും ജനജീവിതത്തിന് ഒരു തടസവുമുണ്ടാക്കില്ലെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉറപ്പു നൽകി. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നടപടികൾക്കും പെട്രോൾ വിലവർദ്ധനയ്ക്കും എതിരെയുള്ള പ്രതിഷേധത്തിന് ജനങ്ങൾ സ്വമേധയാ ഇറങ്ങണം. ഹർത്താൽ അടിച്ചേൽപ്പിക്കില്ലെന്നും അദ്ദേഹം ഡൽഹിയിൽ പറഞ്ഞു.

സോളാർ റിപ്പോർട്ട് പുറത്തുവിട്ടത് അമിത്ഷായ്ക്കുവേണ്ടി

അമിത് ഷായുടെ മകൻ ജയ് ഷായ്ക്കെതിരെ സാമ്പത്തിക ആരോപണങ്ങളുയർന്ന സമയത്ത് പിണറായി സർക്കാർ സോളാർ റിപ്പോർട്ട് പുറത്തുവിട്ടത് ബി.ജെ.പിയെ ദേശീയ തലത്തിൽ സഹായിക്കാനാണെന്നും രമേശ് ചെന്നിത്തല ആരോപിച്ചു.

എൽ.ഡി.എഫ് മേഖലാ ജാഥകൾ 21 മുതൽ

തിരുവനന്തപുരം: വേങ്ങര ഉപതിരഞ്ഞെടുപ്പിനെ തുടർന്ന് മാറ്റിവച്ച ഇടതുമുന്നണിയുടെ മേഖലാ ജാഥകൾ ഈ മാസം 21 മുതൽ നടത്താൻ ഇന്നലെ ചേർന്ന ഇടതുമുന്നണിയോഗത്തിൽ തീരുമാനിച്ചു. ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള ജനരക്ഷായാത്രയ്ക്ക് ബദലെന്നോണം നേരത്തേ നിശ്ചയിച്ച യാത്ര ഒക്ടോബർ 3 മുതൽ തന്നെയായിരുന്നു ആലോചിച്ചിരുന്നത്. ബി.ജെ.പി ജാഥ 17ന് അവസാനിക്കുന്നതിനാൽ ബി.ജെ.പി ഉയർത്തിയ ആക്ഷേപങ്ങൾക്ക് മറുപടി കൂടിയായിരിക്കും മേഖലാ ജാഥകളിലൂടെ സി.പി.എം, സി.പി.ഐ നേതൃത്വങ്ങൾ ലക്ഷ്യമിടുന്നത്. ഇതിനു പുറമേ സോളാർ കമ്മിഷൻ റിപ്പോർട്ട് പുറത്തുവന്നതോടെ പ്രതിരോധത്തിലായ യു.ഡി.എഫ് നേതൃത്വത്തിനെതിരെ ആഞ്ഞടിക്കാനും മേഖലാജാഥകളിലൂടെ ഇടത് നേതൃത്വം ശ്രമിക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

21ന് കാസർകോട് നിന്നാരംഭിക്കുന്ന ജാഥ നവംബർ 3ന് തൃശൂരിലും തിരുവനന്തപുരത്ത് നിന്നും ആരംഭിക്കുന്ന ജാഥ നവംബർ 3ന് എറണാകുളത്തും സമാപിക്കും. കാസർകോട്ട് നിന്നാരംഭിക്കുന്ന ജാഥയ്ക്ക് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും തിരുവനന്തപുരത്ത് നിന്നാരംഭിക്കുന്ന ജാഥയ്ക്ക് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനും നേതൃത്വം നൽകും.

ഹർത്താൽ : പൊതുജന സുരക്ഷ സർക്കാരിന്റെ ബാദ്ധ്യത

■നടപടി വിശദീകരിച്ച് സർക്കാർ പത്രപ്പരസ്യം ചെയ്യണമെന്ന് ഹൈക്കോടതി ■ചെന്നിത്തലയ്ക്ക് നോട്ടീസ് അയച്ചു

കൊച്ചി : ഈമാസം 16ലെ യു.ഡി.എഫ് ഹർത്താലിൽ പൊതുജന സുരക്ഷ ഉറപ്പാക്കേണ്ട ബാദ്ധ്യത സർക്കാരിനായതിനാൽ നടപടി സ്വീകരിച്ച് അക്കാര്യം വ്യക്തമാക്കി ഉടൻ പത്രപ്പരസ്യം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഹർത്താലിന് ആഹ്വാനം ചെയ്തത് നിയമവിരുദ്ധമാണെന്നും ഹർത്താലിനെതിരെ നടപടി വേണമെന്നും ആവശ്യപ്പെട്ട് ചങ്ങനാശേരി മാടപ്പള്ളി ഗ്രാമ പഞ്ചായത്തംഗം സോജൻ പവിയാനോസ് നൽകിയ ഹർജിയിൽ ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഈ നിർദേശം നൽകിയത്. രമേശ് ചെന്നിത്തലയ്ക്ക് സ്പീഡ് പോസ്റ്റിൽ നോട്ടീസ് നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് പൊതുസേവകന്റെ നിർവചനത്തിൽ വരുമെന്നും ആ നിലയ്ക്ക് ഹർത്താലാഹ്വാനം ചെയ്ത രമേശ് ചെന്നിത്തലയ്ക്കെതിരെ ഇന്ത്യൻശിക്ഷാ നിയമത്തിലെ 166 -ാം വകുപ്പനുസരിച്ച് കേസെടുക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നലെ ഹർജി പരിഗണിക്കവെ പ്രതിപക്ഷ നേതാവ് പൊതു സേവകന്റെ നിർവചനത്തിൽ വരില്ലെന്നും സുശീൽ കുമാർ കേസിലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എം.എൽ.എ മാരും പൊതുസേവകരുടെ പരിധിയിൽ വരില്ലെന്നും സർക്കാർ അഭിഭാഷകൻ ചൂണ്ടിക്കാട്ടി. ഹർത്താൽ നിയമവിരുദ്ധമാണെന്ന് പൊതുജനത്തെ അറിയിച്ചിട്ടുണ്ടോയെന്ന് ഹൈക്കോടതി വാക്കാൽ ചോദിച്ചു. ഹർത്താൽ ദിനത്തിൽ വിവിധ വകുപ്പുകൾക്കായി നടപടി സ്വീകരിക്കാൻ ഡി.ജി.പിക്കും ജില്ലാ പൊലീസ് മേധാവികൾക്കും ഉത്തരവു നൽകിയിട്ടുണ്ടെന്ന് സർക്കാർ വിശദീകരിച്ചു. ഉത്തരവും ഹാജരാക്കി. എന്നാൽ പൊതുജനങ്ങൾക്കു വേണ്ടിയും ഇത്തരം നടപടി വേണമെന്ന് ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു.